


# ഫിത്ന വെളിപ്പെട്ടാൽ...

ശൈഖ് സ്വാലിഹ് ആലുശ്ശൈഖ് ( حَفِظَهُ الله )

ഫിത്ന വെളിപ്പെടുകയും അവസ്ഥകളിൽ മാറ്റം വരികയും ചെയ്താൽ സൗമ്യതയോടും, അവധാനതയോടും, വിവേകത്തോടും കൂടി എടുത്തു ചാടാതെ പ്രവർത്തിക്കണം. ഇതു വളരെ പ്രധാനപ്പെട്ട നമ്മൾ പിന്തുടരേണ്ട ഒരു തത്വമാണ്.

## സൗമ്യത (الرفق)

നബി(ﷺ) ഇപ്രകാരം പറഞ്ഞതായി സ്വഹീഹിൽ സ്ഥിരപ്പെട്ടു:

ما كان الرفق في شيء؛ إلا زانه, ولا نزع من شيء إلا شانه

“ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്. അത് നീക്കം ചെയ്യപ്പെട്ടാൽ ഏതും വികൃതമാണ്.”[1]

ما كان الرفق في شيء (ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്) എന്നതിലെ ശൈഅ്

شيء എന്ന പദത്തെ പണ്ഡിതന്മാർ വിശദീകിച്ചത് ഇപ്രകാരമാണ്: അത് സാർവ്വത്രികമായ ഒരു പദമാണ്. അതിൽ എല്ലാം ഉൾകൊള്ളുന്നുണ്ട്. അതിനാൽ സൗമ്യത എല്ലാ കാര്യത്തിലും സ്തുത്യർഹമാണ്. ഒരു ഹദീഥിൽ സിദ്ദീഖിന്റെ മകൾ ആഇശ സിദ്ദീഖ(ﷺ)യോട് നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി, “അല്ലാഹു എല്ലാ കാര്യത്തിലും സൗമ്യത (رفق) ഇഷ്ടപ്പെടുന്നു.” ഇമാം ബുഖാരി ഈ ഹദീഥ് ഉദ്ധരിച്ചത് “എല്ലാ കാര്യങ്ങളിലും സൗമ്യത” എന്ന അധ്യായത്തിനു കീഴിലാണ്.

അതിനാൽ, എല്ലാ കാര്യങ്ങളിലും നിങ്ങൾ സൗമ്യതയും സമചിത്തതയും കാണിക്കുക. നിങ്ങൾ കോപിക്കരുത്; പരുഷത കാണിക്കുകയുമരുത്. എന്തെന്നാൽ, സൗമ്യത കാണിച്ചതിന്റെ പേരിൽ നിങ്ങളൊരിക്കലും ഖേദിക്കേണ്ടി വരികയില്ല. മാത്രമല്ല, “ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്.”

നിങ്ങളുടെ ചിന്തകളിലും, അഭിപ്രായങ്ങളിലും, നിങ്ങൾക്ക് മുമ്പിൽ വരുന്ന പ്രശ്നങ്ങളിലും, നിങ്ങൾ തീർപ്പുകൽപിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിലും നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ എടുത്ത് ചാടരുത്; എടുത്ത് ചാടുന്നവരോടൊപ്പം ആകുകയും ചെയ്യരുത്; (അനാവശ്യമായി) ധൃതിപ്പെടുന്നവരോടൊപ്പവും ആകരുത്. നിങ്ങൾ സൗമ്യത കാണിക്കുക. “ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്”

[1] സ്വഹീഹ് മുസ്‌ലിം

എന്ന പ്രവാചകവചനമാണ് നമുക്ക് മാതൃക. അതിനാൽ, നിങ്ങൾ പ്രസന്നത യുള്ളവരാകുക; പ്രസന്നവദനനായി കാര്യങ്ങൾ കൈകാര്യം ചെയ്യുക. ദയയില്ലായ്മയെ തൊട്ട് നിങ്ങൾ ജാഗരൂകരാകുക. എന്തെന്നാൽ, ദയയില്ലായ്മ നിങ്ങളുടെ വാക്കിൽ നിന്നും, പ്രവൃത്തിയിൽ നിന്നും, മുഴുവൻ വസ്തുക്കളിൽ നിന്നും കാരുണ്യത്തെ മുറിച്ചു കളയും.

### അവധാനത (التأني)

അശജ്ജ് അബ്ദുൽ ഖൈസി(ﷺ)നോട് ഒരിക്കൽ നബി(ﷺ) പറഞ്ഞു.

إن فيك لخصلتين يحبهما الله ورسوله: الحلم والأناة

‘‘അല്ലാഹുവിനിഷ്ടമുള്ള രണ്ട് സ്വഭാവങ്ങൾ നിന്നിലുണ്ട്. 1. വിവേകം 2. അവധാനത’’[2]

അവധാനത സ്തുത്യർഹമായ ഒരു സ്വഭാവമാണ്. അല്ലാഹു പറഞ്ഞു:

وَيَدْعُ الْإِنسَانُ بِالشَّرِّ دُعَاءَهُ بِالْخَيْرِ ۖ وَكَانَ الْإِنسَانُ عَجُولًا

‘‘മനുഷ്യൻ ഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത് പോലെ തന്നെ ദോഷത്തിന് വേണ്ടിയും പ്രാർത്ഥിക്കുന്നു. മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കുന്നു.’’[3]

പണ്ഡിതന്മാർ പറഞ്ഞു: തിടുക്കം കൂട്ടുന്ന മനുഷ്യനെ ഇതിലൂടെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. കാരണം ആർക്കെങ്കിലും ഈ ഒരു സ്വഭാവമുണ്ടെങ്കിൽ അവൻ ആക്ഷേപാർഹനാണ്. അതിനാൽ, നബി(ﷺ) ഒരിക്കലും തിടുക്കം കൂട്ടുന്നവനായിരുന്നില്ല.

### വിവേകം (الحلم)

ഫിത്ന കൊണ്ട് സാഹചര്യങ്ങളിൽ മാറ്റം വരുമ്പോൾ വിവേകം ഒരു പ്രശംസനീയ സ്വഭാവം തന്നെയാണ്. കാരണം, വിവേകമുണ്ടെങ്കിൽ മാത്രമേ കാര്യങ്ങളുടെ യാഥാർത്ഥ്യത്തെ കാണാനും മനസ്സിലാക്കാനും സാധിക്കുകയുള്ളൂ. സൗമ്യതയോടും അവധാനതയോടും വിവേകത്തോടും കൂടി, എടുത്തു ചാടാതെ പ്രവർത്തിക്കണം.

സ്വഹീഹു മുസ്‌ലിമിൽ ഇപ്രകാരം കാണാം: മുസ്തൗരിദ് അൽ ഖുറശി(ﷺ) നിവേദനം: അദ്ദേഹത്തിനു സമീപം അംറുബ്നുൽ ആസ്വും(ﷺ) ഉണ്ടായിരുന്നു. റസൂൽ(ﷺ) പറയുന്നതായി ഞാൻ കേട്ടു:

تَقُومُ السَّاعَةُ وَالرُّومُ أَكْثَرُ النَّاسِ .فَقَالَ لَهُ عَمْرٌو أَبْصِرْ مَا تَقُولُ . قَالَ أَقُولُ مَا سَمِعْتُ مِنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ لَئِنْ قُلْتَ ذَلِكَ إِنَّ فِيهِمْ لَخِصَالاً أَرْبَعًا إِنَّهُمْ لأَحْلَمُ النَّاسِ عِنْدَ فِتْنَةٍ وَأَسْرَعُهُمْ إِفَاقَةً بَعْدَ مُصِيبَةٍ وَأَوْشَكُهُمْ كَرَّةً بَعْدَ فَرَّةٍ وَخَيْرُهُمْ لِمِسْكِينٍ وَيَتِيمٍ وَضَعِيفٍ وَخَامِسَةٌ حَسَنَةٌ جَمِيلَةٌ وَأَمْنَعُهُمْ مِنْ ظُلْمِ الْمُلُوكِ

---

[2] സ്വഹീഹ് മുസ്‌ലിം

[3] സൂറ. ഇസ്റാഅ്: 11

“റോമക്കാർ അധികരിച്ചാലാണ് അന്ത്യനാൾ സംഭവിക്കുക.” അപ്പോൾ അംറ്(ﷺ) അദ്ദേഹത്തോട് പറഞ്ഞു, “താങ്കൾ പറയുന്നത് ഉറപ്പാക്കുക!” അദ്ദേഹം പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരി(ﷺ)ൽ നിന്ന് കേട്ടതാണ് ഞാൻ താങ്കളോട് പറയുന്നത്.” അപ്പോൾ അംറ്(ﷺ) പറഞ്ഞു, “അങ്ങനെയാണെങ്കിൽ, അത് റോമക്കാരിലുള്ള നാലു സൽഗുണങ്ങൾ കാരണമായിട്ടാണ്: (ഒന്ന്): ഫിത്നയുണ്ടാകുമ്പോൾ ജനങ്ങളോട് ഏറ്റവും വിവേകികളായിരിക്കും. (രണ്ട്): ഒരു ആപത്തിനു ശേഷം ദ്രുതഗതിയിൽ പൂർവ്വസ്ഥിതി പ്രാപിക്കും. (മൂന്ന്): ദ്രുതഗതിയിൽ പൂർവ്വസ്ഥിതി പ്രാപിക്കുകയും പരാജയത്തിനു ശേഷം വീണ്ടും അക്രമണം നടത്താൻ കോപ്പു കൂട്ടുകയും ചെയ്യും. (നാല്): അഗതികളോടും അനാഥകളോടും ദുർബ്ബലരോടും കാരുണ്യത്തോടെ പെരുമാറും. അഞ്ചാമത്തേത് നല്ലതും സുന്ദരവുമാണ്. അതായത്, രാജാക്കന്മാരുടെ അന്യായങ്ങളിൽ നിന്ന് അവരുടെ ആളുകളെ പ്രതിരോധിക്കുന്നവരാണ്.” [4]

പണ്ഡിതന്മാർ പറഞ്ഞു: “അംറുബ്നുൽ ആസി(ﷺ)ന്റെ ഈ വാക്ക് റോമാക്കാരെയും അവിശ്വാസികളായ ക്രിസ്ത്യാനികളെയും പ്രശംസിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ല. പ്രത്യുത, അവസാനനാളിലുള്ള അവരുടെ ആധിക്യം, ഫിത്നയുടെ അവസരത്തിൽ ഏറ്റവും വിവേകത്തോടെ പ്രവർത്തിക്കുന്നത് കാരണമാണ് എന്ന് മുസ്‌ലിങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് അദ്ദേഹം അതു പറഞ്ഞത്. അവരുടെ വിവേകം കാരണമായി പ്രശ്നങ്ങൾ പരിശോധിക്കാനും അവ പരിഹരിക്കാനും അവർക്ക് സാധിക്കുന്നു. അതിലൂടെ, സ്വന്തത്തെയും അവരുടെ ആൾക്കാരെയും രക്ഷിക്കാൻ അവർക്ക് സാധിക്കുന്നു.”[5]

ഇത് പ്രവാചക(ﷺ)നിൽ നിന്നുള്ള മൃദുലമായ ഒരു താക്കീതാണ്. കാരണം, ജനങ്ങളിൽ ഭൂരിഭാഗവും റോമാക്കാരാകുന്നതു വരെ അന്ത്യനാൾ സംഭവിക്കുകയില്ല എന്ന് അറിയിക്കുകയാണ്. എന്തു കൊണ്ടാണ് (അന്ത്യനാളടുക്കുമ്പോൾ റോമാക്കാർ അധികരിക്കുന്നത്)?

അംറുബ്നുൽ ആസ്(ﷺ) പറഞ്ഞു: കാരണം അവരിൽ നാലു സ്വഭാവ സവിശേഷതകളുണ്ട്: അവയിൽ ഒന്ന് (ആ സ്വഭാവ സവിശേഷതകളിൽ നമ്മെ ആകർഷിക്കുന്നത് ഇതാണ്): “ഫിത്നയുടെ അവസരത്തിൽ ജനങ്ങളിൽ ഏറ്റവും വിവേകം കാണിക്കുന്നത് അവരാണ്.” അതായത്: അവസ്ഥകൾ മാറുകയും ഫിത്ന വെളിപ്പെടുകയും ചെയ്താൽ, അവർ വിവേകത്തോടെ പ്രവർത്തിക്കും. അവർ തിടുക്കം കാണിക്കുകയോ കോപിക്കുകയോ ഇല്ല. ക്രിസ്ത്യാനികളായ അവരുടെ ആൾക്കാരെ കൊലക്ക് കൊടുക്കാനും അവരുടെ മേൽ കൂടുതൽ ഫിത്നകൾ വരുത്തി വെക്കാനും അവർ തയ്യാറല്ല. എന്തെന്നാൽ, ഫിത്ന പ്രത്യക്ഷപ്പെട്ടാൽ, തങ്ങൾ തന്നെയാണ് അതിൽ അകപ്പെടുക എന്ന് അവർക്ക് നന്നായറിയാം. ഈയൊരു സ്വഭാവസവിശേഷത കാരണത്താലാണ് അന്ത്യനാളടുക്കുമ്പോൾ ജനങ്ങളിൽ ഭൂരിഭാഗവും അവരായി ത്തീരുന്നത്.

അംറുബ്നുൽ ആസ്(ﷺ) പ്രശംസിച്ച റോമാക്കാരുടെ ഈ സ്വഭാവസവിശേഷത എന്തു കൊണ്ട് നാം സ്വീകരിക്കുന്നില്ല എന്ന് നാം അത്ഭുതപ്പെടുകയാണ്. കാരണം, അത്

[4] സ്വഹീഹ് മുസ്‌ലിം (41/6925)

[5] സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിൽ സനൂസി(رحمه الله)യും അൽ ഉബി(رحمه الله)യും പറയുന്നതാണിത്.

പ്രശംസനീയമായ ഒരു സ്വഭാവമാണ്. ഏതൊരു നന്മക്കും ഏറ്റവും അർഹരായവർ നാമാണ്.

വിവേകം ഏതൊരു വിഷയത്തിലും പ്രശംസനീയമാണ്. വിവേകം, സൗമ്യത, അവധാനത എന്നിവയിലൂടെ ബുദ്ധിമാനായ ഒരാളുടെ ചിന്തകൾ പ്രകാശമാനമാകും. ഇത്തരം സ്വഭാവങ്ങൾ ഒരാളുടെ ബുദ്ധിയെയും ജ്ഞാനത്തെയും അറിയിക്കുന്നു.

അപ്പോൾ, ഫിത്ന വെളിപ്പെടുകയും അവസ്ഥകൾ മാറുകയും ചെയ്താൽ അഹ്‌ലുസ്സുന്നഃ വൽ ജമാഅഃ സ്വീകരിക്കുന്ന ഒന്നാമത്തെ മാർഗനിർദേശമാണിത്.

**അവലംബം:**

الضوابط الشرعية لموقف المسلم في الفتن

**വിവർത്തനം:**

മുഹമ്മദ് സിയാദ്